പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2516.

17.08.2017 ന് മറുപടിയ്ക്ക്.

## സ്കിൽ പാർക്കുകൾ

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ.ടി. വി. ഇബ്രാഹിം : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിന് കീഴിൽ സ്കിൽ പാർക്കുകൾ നിലവിലുണ്ടോ എന്നറിയിക്കാമോ; ഉണ്ടെങ്കിൽ ഏതെല്ലാം; ജില്ലതിരിച്ച് വ്യക്തമാക്കാമോ; | (എ) തൊഴിൽ വകുപ്പിന് കീഴിൽ സ്കിൽ പാർക്കുകൾ നിലവിലില്ല. |
| (ബി) പുതിയ സ്കിൽ പാർക്കുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ അപേക്ഷ സമർപ്പിക്കേണ്ട രീതി, മാനദണ്ഡം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ? | (ബി) പുതിയ സ്കിൽ പാർക്കുകൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി / സ്കൂൾ / കോളേജ് കേന്ദ്രീകരിച്ചും തൊഴിൽ പരിശിലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഹയർസെക്കൻഡറി സ്കൂളുകൾ, ആർട്സ് & സയൻസ് കോളേജുകൾ എന്നിവിടങ്ങളിൽ തെരഞ്ഞെടുത്ത കുട്ടികൾക്ക് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (അസാപ്പ്) പദ്ധതിയിൽ തൊഴിൽ പരിശീലനം നൽകി വരുന്നുണ്ട്. ഇത്തരത്തിൽ സംസ്ഥാനത്തെ ഹയർസെക്കൻഡറി സ്കൂളുകളും കോളേജുകളും ഉൾപ്പെടെ 1052 സ്ഥാപനങ്ങളിൽ 180 മണിക്കൂർ ദൈർഘ്യമുള്ള അടിസ്ഥാന പരിശീലനവും 90-ൽ അധികം നൈപുണ്യ കോഴ്സുകളിലെ തൊഴിൽ മേഖലാപരിശീലനവും ഉൾപ്പെടുന്നതാണ് അസാപ് പരിശീലന ക്രമം. ഇതിനായി നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (എൻ.എസ്.ഡി.സി.) അംഗീകൃത പരിശീലന കോഴ്സുകളാണ് നൽകിവരുന്നത്. |

Bindu

സെക്ഷൻ ഓഫീസർ